**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.301 | 28.05.2019 ൽ മറുപടിക്ക്

# കോങ്ങാട് സി.എച്ച്.സി. യിൽ കിടത്തി ചികിത്സ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോങ്ങാട് സി.എച്ച്.സി. യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യവികസനത്തിന് നടപടി സ്വീകരിക്കുമോ; | (എ) യും (സി) യും (ഡി) യും | നിലവിൽ സംസ്ഥാനത്തെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ പരിഗണനയിലുള്ളത്. ഇതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നു. കോങ്ങാട് സി.എച്ച്.സി. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്ന ഘട്ടത്തിൽ ഇവിടങ്ങളിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കോങ്ങാട് സി.എച്ച്.സി.യിൽ കിടത്തി ചികിത്സ ഉണ്ടായിരുന്നുവെന്നും ആയത് പിന്നീട് നിർത്തലാക്കുകയാണ് ഉണ്ടായതെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | പ്രസ്തുത സി.എച്ച്.സി. യിൽ കിടത്തി ചികിത്സ പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |
| (ബി) | കോങ്ങാട് സി.എച്ച്.സി.യിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ ടി കേന്ദ്രത്തിൽ ഒരു സിവിൽ സർജൻ, രണ്ട് അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ ഉടങ്ങിയ തസ്തികകളാണ് ഉള്ളത്. ടി കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ഉച്ചക്ക് 2 മണി മുതൽ വൈകുന്നേരം 6 മണി വരെ പഞ്ചായത്ത് പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ